"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - മുടവൻ മുഗൾ ആർ.ബി.ഐ ക്വാർട്ടേഴ്സിന് സമീപം മഴക്കാലത്ത് ഏലായിൽ നിന്നുള്ള ജലം അധികമായ ഒഴുകിയെത്തി വീടുകളിൽ വെള്ളം കയറുന്ന പ്രശ്നം പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ പ്രവൃത്തിയുടെ അന്തിമ ബിൽ തുക അനുവദിക്കുന്നതിനായി തിരുവനന്തപുരം ജില്ലാകളക്ടർക്ക് തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.480/2024/DMD തീയതി,തിരുവനന്തപുരം, 18-07-2024

---

പരാമർശം:- 1. സ. ഉ. (സാധാ)നം.473/2022/ഡിഎംഡി തീയതി 25.05.2022.

2. സ.ഉ. (സാധാ)നം.306/2024/ഡിഎംഡി തീയതി 11/03/2024 .

3. തിരുവന്തപുരം ജില്ലാകളക്ടറുടെ 24.5.2024-ലെ എച്ച്2- 279406/ 2020 നം. കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം താലൂക്കിൽ തിരുമല വില്ലേജിൽ മുടവൻ മുഗൾ ആർ.ബി.ഐ ക്വാർട്ടേഴ്സിന് സമീപം മഴക്കാലത്ത് ഏലായിൽ നിന്നുള്ള ജലം അധികമായ ഒഴുകിയെത്തി 200 ഓളം വീടുകളിൽ വെള്ളം കയറുന്ന പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രവൃത്തിയ്ക്കായി മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചുകൊണ്ടും, പ്രവൃത്തി സംസ്ഥാന ദുരന്ത ലഘൂകരണനിധി (SDMF) ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകികൊണ്ടും പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു.

മേൽ പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ മൈനർ ഇറിഗേഷൻ അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മേൽ പ്രവൃത്തിയുടെ അന്തിമ ബിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബിൽ തുക അനുവദിക്കുന്നതിനായി തിരുവനന്തപുരം ജില്ലാകളക്ടർക്ക് 10,99,891/- രൂപ അനുവദിച്ച് പരമാർശം(2) പ്രകാരം ഉത്തരവായിരുന്നു.

മേൽ തുക മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ അനുവദിച്ചിരുന്നെങ്കിലും ട്രഷറിയിൽ 2023-24 സാമ്പത്തിക വർഷത്തെ ബിൽ സമർപ്പിക്കുന്നതിനുള്ള സമയപരിധി 25.03.2024ന് അവസാനിച്ചതിനാൽ തുക അനുവദിക്കാൻ സാധിക്കാതെ വരുകയും, 10,99,891/- രൂപ സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്തിട്ടുമുള്ളതാണെന്നും ആയതിനാൽ ടി പ്രവൃത്തിയുടെ അന്തിമ ബിൽതുക മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുവദിക്കുന്നതിനായി 2245-07-101-99 SDMF Structural Mitigation Measures എന്ന ശീർഷകത്തിൽ നിന്ന് 10,99,891/- രൂപ അനുവദിക്കണമെന്ന് തിരുവന്തപുരം ജില്ലാകളക്ടർ പരാമർശം(3) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, മുടവൻ മുഗൾ ആർ.ബി.ഐ ക്വാർട്ടേഴ്സിന് സമീപം മഴക്കാലത്ത് ഏലായിൽ നിന്നുള്ള ജലം അധികമായ ഒഴുകിയെത്തി 200 ഓളം വീടുകളിൽ

വെള്ളം കയറുന്ന പ്രശ്നംപരിഹരിക്കുന്നതിനായി നടപ്പിലാക്കിയ പ്രവൃത്തിയുടെ അന്തിമ ബിൽതുക അനുവദിക്കുന്നതിനായി 2245-07-101-99 SDMF Structural Mitigation Measures എന്ന ശീർഷകത്തിൽ നിന്ന് 10,99,891/- രൂപ (പത്ത് ലക്ഷത്തി തൊണ്ണൂറ്റിഒൻപതിനായിരിത്തി എണ്ണൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) തിരുവനന്തപുരം ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു. നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് തിരുവനന്തപുരം ജില്ലാകളക്ടർ സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ വി

ജോയിന്റ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ), കേരള, തിരുവനന്തപുരം.
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
കമ്മീഷണർ, ദുരന്ത നിവാരണം.
ജില്ലാകളക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം.
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 18-07-2024 17:13:54**

സെക്ഷൻ ഓഫീസർ